समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कोच्ची-682036, भारत
The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India
फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 23.02.2021

## സമുദ്രോത്പന്ന കയറ്റുമതി; പദ്ധതികൾ സമന്വയിപ്പിക്കാൻ എംപിഇഡിഎ – എൻസിഡിസി ധാരണ

കൊച്ചി: കയറ്റുമതി സാധ്യതയുള്ള മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കുമായുള്ള വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയും നാഷണൽ കോ-ഓപറേറ്റീവ് ഡെവലപ്മന്റ് കോർപറേഷനും ധാരണാപത്രം ഒപ്പിട്ടു. എംപിഇഡിഎ ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ്, എൻസിഡിസി എംഡി ശ്രീ സുന്ദീപ് കുമാർ നായക് എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

സർക്കാരിന്റെ നയങ്ങൾക്കനുസൃതമായി കയറ്റുമതി സാധ്യതയുള്ള സമുദ്രോത്പന്നങ്ങളുടെ ഉത്പാദനത്തിനായി ചേർന്ന് പ്രവർത്തിക്കുന്നതിലെ മികച്ച സാധ്യതയാണ് ഈ ധാരണാപത്രത്തിലൂടെ കൈവന്നിരിക്കുന്നതെന്ന് കെ എസ് ശ്രീനിവാസ് പറഞ്ഞു. ധാരണാപത്രപ്രകാരം എംപിഇഡിഎയും അനുബന്ധസ്ഥാപനങ്ങളായ നെറ്റ്ഫിഷ്, എൻഎസ്സിഎസ്എ, ആർജിസിഎ എന്നിവർക്കൊപ്പം എൻസിഡിസി സംയുക്തമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കും. മത്സ്യബന്ധനത്തിന ശേഷം ചെയ്യേണ്ട നടപടികൾ, ഉത്പാദനത്തിൽ ഏർപ്പെടുത്തേണ്ട സാങ്കേതികത്വങ്ങൾ എന്നിവയ്ക്കായുള്ള ഉപദേശങ്ങളും ഈ പരിപാടികളിലൂടെ സഹകരണസംഘങ്ങൾക്ക് ലഭിക്കും.

എംപിഇഡിഎയുടെ പക്കലുള്ള ക്ലസ്റ്ററുകളുടെ വിശദാംശങ്ങൾ എൻസിഡിസിയുമായി പങ്കുവയ്ക്കും. ഇവ പരിശോധിച്ച് വിളവ് വർധിപ്പിക്കാനും കയറ്റുമതിയ്ക്കുതകുന്ന രീതിയിൽ മത്സ്യങ്ങൾ സംരംക്ഷിക്കാനുമുള്ള മാർഗങ്ങളും എൻസിഡിസി നിർദ്ദേശിക്കും. എൻസിഡിസി അംഗീകൃത സഹകരണസംഘങ്ങൾ വഴിയുള്ള കയറ്റുമതിയും പ്രോത്സാഹിപ്പിക്കും.

മത്സ്യബന്ധന-സംസ്കരണ-വിപണന മേഖലയിലുള്ളവർക്കുള്ള ബോധവത്കരണം, പരിശീലന പരിപാടികൾ, ക്രയശേഷി വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ധാരണാപത്രത്തിലൂടെ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്.

രാജ്യത്തിനകത്തും അന്താരാഷ്ട്രതലത്തിലുള്ള വിപണികളിലും മത്സ്യോത്പന്നങ്ങൾ മികച്ച രീതിയിൽ അവതരിപ്പിക്കുന്നതിന ധാരണാപത്രം അവസരം ഒരുക്കും. ഉത്പന്നങ്ങൾ, സാങ്കേതിക വിദ്യ, സംസ്കരണം, വിജ്ഞാനം, സേവനം എന്നിവ കാലാനുസൃതമായി വിവിധ രീതികളിലൂടെ അവതരിപ്പിക്കാനാണ് പദ്ധതി. കയറ്റുമതി ലക്ഷ്യം കൈവരിക്കുന്നതിനോടൊപ്പം കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള സർക്കാർ നിർദ്ദേശം പ്രയോഗത്തിൽ വരുത്താനും ഇരു സ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കും.

ഈ പദ്ധതികൾ പ്രാബല്യത്തിലാക്കുന്നതിലുള്ള സാമ്പത്തിക ചെലവ് എൻസിഡിസിയും എംപിഇഡിഎയും അനുബന്ധ സ്ഥാപനങ്ങളും സംയുക്തമായി വഹിക്കും.

ഇരു സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരടങ്ങുന്ന സംയുക്ത സമിതിയക്ക് രൂപം നൽകാൻ ധാരണയായിട്ടുണ്ട്. പദ്ധതി തയ്യാറാക്കൽ, നിരീക്ഷണം, നിയന്ത്രണം തുടങ്ങിയ കാര്യങ്ങളിൽ ധാരണാപത്രപ്രകാരമുള്ള നടപടികൾ ഈ സമിതിയായിരിക്കും കൈക്കൊള്ളുന്നത്. മൂന്നു മാസത്തിലൊരിക്കൽ സമിതി ചേർന്ന് പുരോഗതി വിലയിരുത്താനാണ് തീരുമാനം. ഇരു സ്ഥാപനങ്ങളും സ്വന്തം നോഡൽ ഓഫീസർമാരെ ഈ സമിതിയിലേക്ക് നിർദ്ദേശിക്കണം.

സമുദ്രോത്പന്ന കയറ്റുമതിയുടെ ഉന്നമനത്തിനായി വിവിധ തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന നോഡൽ ഏജൻസിയാണ് കേന്ദ്രസർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള എംപിഇഡിഎ. സഹകരണ മേഖല അടിസ്ഥാനമാക്കി കൃഷി-ഭക്ഷ്യോത്പന്നങ്ങൾ, വ്യവസായിക ഉത്പന്നങ്ങൾ, ക്ഷീരോത്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി, സംസ്കരണം, വിപണനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സ്ഥാപനമാണ് എൻസിഡിസി.